CATHOLIC CONGRESS

# THE TIMES OF CATHOLICS

കത്തോലിക്ക കോൺഗ്രസ് മുഖപത്രം

കരുത്തായ് കരുതലായ്

CATHOLIC CONGRESS GLOBAL OFFICIAL VOICE

SYRO MALABAR MAJOR ARCHI EPISCOPAL CHURCH

2018 OCTOBER VOLUME 2 ISSUE 2 Email : catholiccongressglobal@gmail.com

## സമർപ്പിത ജീവിത ശൈലിയിൽ നിന്ന് വ്യതി ചലിക്കുന്നവർ പുറത്തു പോകണം: കത്തോലിക്ക കോൺഗ്രസ്




വൈദിക, സമർഷിത, സന്യാസ ജീവിതാന്തസുകളിൽ പ്രവേശിച്ചവർ ആ ജീവിത ശൈലിയോട് പൊരുത്തപ്പെടാനാകാതെ വരുന്ന പക്ഷം പുറത്തു പോകുന്നത് ആണ് ഉചിതമെന്ന് കത്തോലിക്ക കോൺഗ്രസ്. തങ്ങൾ അംഗമായിരിക്കുന്ന സഭയുടെയും അധികാരികളുടെയും അനുമതിയില്ലാതെ ഏത് വിധത്തിലുമുള്ള സമരങ്ങളിലും പ്രക്ഷോഭങ്ങളിലും വിവാദങ്ങളിലും പങ്കാളികളാകുന്നത് അനുവദിച്ചുകൂടാ. സഭയുടെ ശത്രുക്കളും, സഭയിലെ വിരുദ്ധ ചിന്താഗതിക്കാരും അസഹിഷ്ണതരും നടത്തുന്ന സമരങ്ങളിൽ പങ്കാളികളായി സഭയെയും സമുദായത്തെയും അപകീർത്തിപ്പെടുത്തുന്ന എല്ലാ ശ്രമങ്ങളെയും എതിർത്ത് തോൽപ്പിക്കും. കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടുക തന്നെ വേണം. നിയമം നിയമത്തിന്റെ വഴിക്ക് തന്നെ പോകട്ടെ എന്നതാണ് കത്തോലിക്ക കോൺഗ്രസിന്റെ നിലപാട്. എന്നാൽ ഒറ്റപ്പെട്ട സംഭവങ്ങളുടെ മറവിൽ സഭയെ ഒന്നാകെ കളങ്കപ്പെടുത്തുവാൻ നടത്തുന്ന ബോധപൂർവ്വമായ ശ്രമങ്ങളെ തിരിച്ചറിഞ്ഞ് ചെറുക്കുവാൻ കത്തോലിക്ക കോൺഗ്രസ് നേതൃത്വം നൽകും.

## കത്തോലിക്ക സഭക്കെതിരായുള്ള ആസുത്രിത ഗൂഢാലേചനകൾ തിരിച്ചറിയണം.

കത്തോലിക്ക സമൂദായത്തെ മോശമായി ചിത്രീകരിക്കാനും തകർക്കുവാനും വേണ്ടി സഭയുടെ പരമ്പരാഗത ശത്രുക്കൾ നടത്തുന്ന ഗൂഢാലോചനകൾ തിരിച്ചറിയണം. തെറ്റുകൾ തിരുത്തപ്പെടണം, എന്നാൽ ഒറ്റപ്പെട്ട സംഭവങ്ങളുടെ മറവിൽ സഭയെ ശിഥിലമാക്കുവാൻ സഭാ ശത്രുക്കൾ തെറ്റിദ്ധാരണ പരത്തുകയാണ്. സഭ ചെയ്യുന്ന സേവനങ്ങളെ തമസ്കരിച്ചുകൊണ്ട് വിശ്വാസികളെ ഭിന്നിപ്പിക്കുവാനും സഭയെ കളങ്കപ്പെടുത്തുവാനൂം ചില മാധ്യമങ്ങളൂം കുൽസിത പ്രവർത്തനങ്ങൾ നടത്തുന്നതിൽ പ്രതിഷേധമുണ്ട്. ഫ്രാൻസീസ് മാർപാപ്പയുടെ കീഴിൽ ലോകമെമ്പാടും കത്തോലിക്ക സഭ ശക്തിപ്പെടുന്നതിലുള്ള സഭാവിരുദ്ധരുടെ ആശങ്കകളാണ് വികലമായ പ്രതികരണങ്ങളായി പലപ്പോഴും കാണപ്പെടുന്നത്. കത്തോലിക്ക സമൂദായം ഒറ്റക്കെട്ടായി സഭയോട് ചേർന്ന് മുന്നോട്ട് പോകും.

President's Column

## സഭയെ ആകാംക്ഷയോടെ ഉറ്റുനോക്കുന്നു



2000 വർഷത്തെ ഭാരത സഭയുടെ ചരിത്രത്തിൽ ഏറ്റവും കാറും കോളും നിറഞ്ഞ കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. വിശുദ്ധ തോമാശ്ലീഹ പകർന്നേകിയ ക്രിസ്തു സ്നേഹത്തിൽ ജ്വലിക്കുന്ന, ജീവിത ശൈലിയിലൂടെ ഭാരത സഭ നൂറു മേനി വിളവ് നൽകി പ്രശോഭിക്കുന്ന കാലഘട്ടത്തിലാണ് ഈ തിരിച്ചടികൾ നേരിടേണ്ടി വരുന്നത് എന്നത് ഏറ്റവും ഖേദകരമാണ്. അന്ധതയിൽ നിന്ന് അറിവിന്റെ ലോകത്തിലേക്ക്, പ്രാചീനതയിൽ നിന്ന് ഉന്നത സംസ്കാരത്തിലേക്ക്, സ്നേഹത്തിന്റെയും സഹനത്തിന്റെയും പാതയിലൂടെ ഭാരത ജനതയെ കൈപിടിച്ച് ഉയർത്തിയാണ് ഭാരത സഭ ആഗോള സഭയുടെ പ്രശംസ ഏറ്റുവാങ്ങിയത്. അവശ ജനങ്ങളുടെ കണ്ണീരൊപ്പാൻ ആയിരക്കണക്കിന് സദനങ്ങൾ സജ്ജമായപ്പോൾ പതിനായിരക്കണക്കിന് വൈദികരും സമർപ്പിതരും ജീവിതം ക്രിസ്തുവിനായി മാറ്റി വച്ചതോടെ സഭയുടെ എല്ലാ പ്രവർത്തനങ്ങളും വിജയമായി മാറി. ആർക്കും അസൂയ തോന്നുംവിധം സഭ പടർന്നു പന്തലിച്ചു. ഈ പ്രയാണത്തിൽ മനുഷ്യ സഹജമായ തെറ്റുകുറ്റങ്ങൾ സ്വാഭാവികമാണ്. സഭയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ പലപ്പോഴായി വിശ്വാസികൾക്കേറ്റിട്ടുള്ള കൊച്ചുകൊച്ച് മുറിവുകൾ സഭയോടുള്ള സ്നേഹത്തെ പ്രതി വിശ്വാസി ഗണം തികഞ്ഞ പക്വതയോടുകൂടി ക്ഷമിച്ചും സഹിച്ചുമാണ് മുന്നോട്ട് പോന്നിട്ടുള്ളത്. എന്നാൽ, ഇപ്പോൾ ഉണ്ടായികൊണ്ടിരിക്കുന്ന വിവാദങ്ങൾ വലിയ മാധ്യമ വിചാരണകൾക്കിടയായപ്പോൾ ഇപ്രകാരം മുറിവേറ്റ സഭാ വിശ്വാസികളും, പരമ്പരാഗതമായി സഭയെ എതിർക്കുന്നവർക്കൊപ്പം വിമർശനത്തിൽ കൈകോർക്കുന്ന കാഴ്ചയാണ് നാം കണ്ടത്. നവ മാധ്യമ രംഗത്ത് ഉണ്ടായ വർദ്ധിത സഭാ വിരുദ്ധ ആക്രമണത്തിൽ ക്രൈസ്തവ നാമകാരികൾ മുഖ്യ പങ്ക് വഹിച്ചു എന്നത് സഭാ ശത്രുകൾക്ക് വലിയ തോതിൽ ഉത്തേജനവും പ്രതീക്ഷയും പകർന്നു. കോലാഹലങ്ങൾ ഇപ്പോൾ കെട്ടടങ്ങികൊണ്ടിരിക്കുമ്പോൾ എല്ലാവരും ഉറ്റുനോക്കുന്നത് സഭയുടെ ദീർഘവീക്ഷണത്തോടുകൂടിയുള്ള തുടർ നീക്കങ്ങളെയാണ് . തിരിച്ചറിയപ്പെട്ടിട്ടുള്ള കുറവുകളെ സഭ എങ്ങനെ നികത്തും? വിശ്വാസി ഗണത്തെ പൂർണ്ണമായും എപ്രകാരം ചേർത്തു നിർത്തും? ഇത്തരം ചോദ്യങ്ങളാണ് സഭയെ സ്നേഹിക്കുന്നവരിൽ നിന്ന് കേൾക്കുന്നത്. പരമ്പരാഗത ശൈലികളിൽ പരാജയങ്ങൾ കാണുമ്പോൾ മാറ്റത്തിന് നാം നിർബന്ധിതമാകും. ഇവിടെ പൂർണ്ണ സമർപ്പണത്തോടു കൂടിയുള്ള ഒരു മുന്നേറ്റമാണ് ഏവരും പ്രതീക്ഷിക്കുന്നത്. ഉണ്ണി മിശിഹായുടെ പുൽക്കൂടിന്റെ ലാളിത്യത്തിലേക്കും ചൈതന്യത്തിലേക്കും നാം തിരികെ പോകണം. വിശുദ്ധ ബൈബിളിൽ ഏറ്റവും രൂക്ഷമായി പ്രതിപാദിക്കുന്ന ദ്രവ്യാഗ്രഹവും അഹങ്കാരവും മറ്റും അറിഞ്ഞോ അറിയാതെയോ നമ്മളിൽ ഉടലെടുത്ത് നമ്മിലെ ദൈവ സാന്നിധ്യത്തിന് കുറവ് വരുത്തിയിട്ടുണ്ടോ എന്ന് വിചിന്തനം ചെയ്യേണ്ടതുണ്ട്.ഒറ്റപ്പെട്ട സംഭവങ്ങളുടെ മറവിൽ സഭയെ ഒന്നാകെ കളങ്കപ്പെടുത്തുവാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. വിശുദ്ധരായി ജീവിക്കുന്ന അഭിവന്ദ്യരായ നമ്മുടെ ബിഷപ്പുമാരുടെയും, വൈദികരുടെയും .............

(തുടരും)

(തുടർച്ച...)

സമർപ്പിതരുടെയും മനസ്സുകളിൽ മാധ്യമ വിചാരണകളിലൂടെ ഏറ്റിട്ടുള്ള മുറിവുകൾ നമ്മെ വല്ലാതെ വിഷമിപ്പിക്കുന്നു. വിശ്വാസി സമൂഹം സത്യ വിശ്വാസത്തിൽ അടിയുറച്ച് നിൽക്കുന്നതിനൊപ്പം തന്നെ, വിശുദ്ധിയുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യാത്ത സഭാ നേതൃത്വത്തിനുവേണ്ടി ജീവൻ ത്യജിച്ച് നിലകൊള്ളുവാൻ തയ്യാറാണെന്നുള്ളത് വസ്തുതയാണ്. വിശുദ്ധിയുടെ കവാടത്തിലേക്കു നമ്മൾ പ്രവേശിക്കുമ്പോൾ സഭാ ശത്രുക്കളുടെ നാവടയ്ക്കപ്പെടും; അവർ നിലംപരിശാകും. ഈ മുന്നേറ്റത്തിന് കത്തോലിക്കാ കോൺഗ്രസ് ശക്തമായ നേതൃത്വം നൽകും. ക്രിസ്തു സ്ഥാപിച്ച സഭ അജയ്യമായി മുന്നോട്ട് പോകും.

**അഡ്വ. ബിജു പറയന്നിലം**

## വിശുദ്ധ കുർബാനയെ അവഹേളിക്കാനുള്ള രഹസ്യ അജണ്ടക്കെതിരെ കത്തോലിക്ക കോൺഗ്രസ്



വിശുദ്ധ കുർബാന അപ്പവും വീഞ്ഞും നാവിൽ നൽകുന്നത് വിലക്കാൻ ഉതകുന്ന ശുപാർശയുമായി നിയമ പരിഷ്ക്കരണ കമ്മിഷൻ രംഗത്ത്. പരിശുദ്ധമായ കൂദാശകളെ മനസ്സിലാക്കാതെ ഗൂഢ അജണ്ടകളുമായി കെ.ടി തോമസ് അദ്ധ്യക്ഷനായിട്ടുള്ള കമ്മിഷന്റെ ശുപാർശക്കെതിരെ ശക്തമായ പ്രതിഷേധം വിശ്വാസികളുടെ ഭാഗത്തു നിന്നും ഉയർന്നു വരുന്നു. പരമ്പരാഗതമായ മതചടങ്ങുകൾ രോഗാണുക്കൾ പടരാൻ ഇടയാക്കുമെന്ന കണ്ടെത്തലുകൾ ഏക പക്ഷീയവും ആരെയോ പ്രീതിപ്പെടുത്താനും പ്രീണിപ്പിക്കാനുമുള്ള ചെറിയ മനസ്സുകളുടെ സംഘടിത ശ്രമങ്ങളുടെ ഭാഗമാണെന്നും മനസ്സിലാക്കി ഇത്തരം നീക്കങ്ങളെ ശക്തിയുക്തം എതിർത്ത് തോൽപ്പിക്കുമെന്നും കത്തോലിക്ക കോൺഗ്രസ് വ്യക്തമാക്കി.

## അടിക്കടിയുള്ള ഇന്ധന വില വർദ്ധനവിൽ വൻ പ്രതിഷേധം

പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയുടെ കൂടെക്കൂടെയുള്ള വർദ്ധനവ് സാധാരണ ജനങ്ങളോടുള്ള കനത്ത വെല്ലുവിളിയാണ് എന്ന് കത്തോലിക്ക കോൺ ഗ്രസ് അഭിപ്രായപ്പെട്ടു. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ് സാധാരണ ജനങ്ങളെ ദുരിതത്തിലാഴ്ത്തിയിരിക്കുന്ന ഇന്ധന വിലവർദ്ധനവിനെതിരെ ജന പക്ഷത്തു നിന്നു കൊണ്ട് ശക്തമായ സമര പരിപാടികൾക്ക് കത്തോലിക്ക കോൺഗ്രസ് നേതൃത്വം നൽകും പ്രക്ഷോപ പരിപാടികളുടെ ഭാഗമായിട്ടുള്ള പ്രതിഷേധ ധർണകൾ കോട്ടയത്തും, ഡെൽഹിയിലും സംഘടിപ്പിക്കും.





## അതിജീവനത്തിന്റെ അൽമായ സുവിശേഷം



സങ്കീർത്തകന്റെ പുസ്തകത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. തന്റെ ഭക്തമാരുടെ ആഗ്രഹം അവിടുന്ന് സഫലമാക്കുന്നു, അവിടുന്ന് അവരുടെ നിലവിളി കേട്ട് അവരെ രക്ഷിക്കുന്നു. തന്നെ സ്നേഹിക്കുന്നവരെ കർത്താവ് രക്ഷിക്കുന്നു. സ്നേഹിക്കുന്നവരെ കർത്താവ് പരിപാലിക്കുന്നു. സഭയിലും സമൂഹത്തിലും അൽമായ ശാക്തികരണത്തിന്റെ നേർകാഴ്ച്ചയായി ശതാബ്ദിയുടെ നിറവിൽ സീറോ മലബാർ സഭയുടെ ശബ്ദമായി മാറിയ കത്തോലിക്ക കോൺഗ്രസ് രചിച്ചത് അതിജീവനത്തിന്റെ ചരിത്രമായിരുന്നു എന്നത് കാലം തെളിയിച്ചതാണല്ലോ. വിശ്വാസ സംരക്ഷണം ഭൗത്യമായി, വിശ്വാസികളുടെ കൂട്ടായ്മ വർദ്ധിപ്പിക്കുവാനായി, സഭയോടും സഭാപിതാക്കന്മാരോടുമുള്ള ഐക്യത്തിൽ കരുത്തായ് കരുതലായ് മുന്നേറുന്ന കത്തോലിക്ക കോൺഗ്രസ് സഭയുടെ സമുദായത്തിന്റെ മുഖമാണ് എന്നതിൽ തെല്ലും സംശയമില്ല. സമൂഹ നന്മയിലൂടെ ആത്മിയ അടിത്തറയും സാമ്പത്തിക ഭദ്രതയും വ്യക്തികൾക്ക് പ്രദാനം ചെയ്യുന്നതിൽ കത്തോലിക്ക കോൺഗ്രസിനുള്ള പങ്ക് വളരെ വലുതാണ് സഭയുടെ ഔദ്യോഗിക അൽമായ പ്രസ്ഥാനമായ കത്തോലിക്ക കോൺഗ്രസിനൊപ്പം ദുഖിതർക്കും ആലംബഹീനർക്കും കരുത്തോകാൻ സഭയോട് ചേർന്ന് കൈകോർക്കാം.

**ഫാ. സെബാസ്റ്റ്യൻ ഊരക്കാടാൻ**
**ഡയറക്ടർ**
**എറണാകുളം- അങ്കമാലി**

## കത്തോലിക്ക കോൺഗ്രസ് മുഖ പത്രം പ്രകാശനം ചെയ്തു.



കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഔദ്യോഗിക ഓൺ ലൈൻ മുഖ പത്രം പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം പ്രാകാശനം ചെയ്തു. 'ദി ടൈംസ് ഓഫ് കാത്തലിക്സ് എന്ന മുഖ പത്രം കത്തോലിക്ക കോൺഗ്രസിന്റെ മാധ്യമ മേഖലയിലേക്കുള്ള സുപ്രധാന ചുവടുവെപ്പാണ് എന്നും ക്രിയാത്മകമായ മാതൃക മാധ്യമ ശൈലിയിലൂടെ സത്യത്തിനും നീതിക്കും സാക്ഷ്യം വഹിക്കാൻ കഴിയണമെന്നും അദ്ധേഹം ആഹ്വാനം ചെയ്തു ഡയറക്ടർ ഫാ. ജിയോ കടവി, മാധ്യമ വിഭാഗം ചെയർമാൻ പ്രൊ. ജാൻസൺ ജോസഫ്, കോഡിനേറ്റർ ബെന്നി ആന്റണി, പ്രൊ. ജോയി മുപ്രപ്പള്ളി, സാജു അലക്സ്, ഡോ. ജോസുകുട്ടി ഒഴുകയിൽ, ഫിസ്റ്ററി മാമ്പിള്ളി, തോമസ് പീടികയിൽ, ജോർജ് കോയിക്കൽ , ആന്റണി എൽ തൊമ്മാന, ദേവസ്യ കൊങ്ങോല, ബേബി പെരുമാലിൽ, വർക്കി നിരപ്പേൽ, തോമസ് ആന്റണി. ടൈപ്പച്ചൻ തടിക്കാട്ട്, ജോസുകുട്ടി മാടപ്പള്ളി, രാജീവ് ജോസഫ്, ജോമി കൊച്ചുപറമ്പിൽ, വർഗീസ് ആന്റണി എന്നിവർ പ്രസംഗിച്ചു. കോട്ടയം കേന്ദ്ര കാര്യാലയത്തിൽ കാത്തലിക് കോൺഗ്രസ് മീഡിയ വിഭാഗം സംഘടിപ്പിച്ച ചടങ്ങിൽ വിവിധ രൂപതകളിൽ നിന്ന് പ്രതിനിധികൾ പങ്കെടുത്തു.

## പ്രതികരണങ്ങൾ....



**വർക്കി നിരപ്പേൽ**
**മാനന്തവാടി രൂപത**

കത്തോലിക്ക സഭക്കും സഭയുടെ വിശ്വാസ സത്യങ്ങൾക്കും കൂദാശകൾക്കും എതിരെ പ്രവർത്തിക്കുന്ന സഭാ വിരുദ്ധർ ഓർക്കേണ്ട ഒരു കാര്യം ഉണ്ട് എത്രയധികം വിശ്വാസികൾക്ക് നിങ്ങൾഇടർച്ച നൽകികഴിഞ്ഞു- നൽകി കൊണ്ടിരിക്കുന്നു. ക്രിസ്തീയ ജീവിത ദർശനം വേണം ക്രിസ്തീയ ജീവിത മനോഭാവം ഉണ്ടാകണമെങ്കിൽ. ആ മനോഭാവമുള്ളവർക്കേ ക്രിസ്തീയ ജീവിത ശൈലി ഉണ്ടാവുകയുള്ളു.



**അജോ വട്ടുകുന്നേൽ**
**പാലക്കാട് രൂപത**

നന്മകൾ ചെയ്യുന്ന വ്യക്തികളെയും സമുഹങ്ങളെയും പൊതു സമുഹത്തിന് പരിചയ പ്പെടുത്തി കൊടുക്കുക എന്ന ദൗത്യമാണ് വ്യക്തികളും മാധ്യമങ്ങളും ഏറ്റെടുക്കേണ്ടത്. നിയമങ്ങളിലും നിയമ വ്യവസ്ഥയിലും ജനങ്ങൾക്കുള്ള വിശ്വാസം നശിപ്പിക്കുന്ന തരത്തിലുള്ള പരാമർശങ്ങൾ ചാനൽ ചർച്ചകളിൽ പങ്കെടുക്കുന്നവരുടെ ഭാഗത്തു നിന്നുണ്ടാകു മ്പോൾ അത് തിരുത്തേണ്ടതിന് പകരം നിശബ്ദത പാലിക്കുന്ന മാധ്യമങ്ങളു ടെ നിലപാട് ഗുരുതരമായ സാമൂഹ്യ വിപത്തിന് ഇടയാക്കും.

# CATHOLIC CONGRESS GLOBAL OFFICE BEARERS



Adv. BIJU PARAYANNILAM President

Adv.Tony Punchakunnel GEN. SECRETARY

P. J. Pappachan TREASURER

Dr. Mohan Thomas Pakalomattom VICE PRESIDENT

Davis Edakulathur VICE PRESIDENT

Saju Alex VICE PRESIDENT

Adv. P. T. Chacko VICE PRESIDENT

Prof. K. J. Joy VICE PRESIDENT

Jose Menacherry VICE PRESIDENT

.Antony K. J . VICE PRESIDENT

Johnykutty Thomas VICE PRESIDENT

Celin Mundamattom VICE PRESIDNT

Bose Kurian VISE PRESIDENT

Jolly Joseph VICE PRESIDENT

Joy Parekkattil VISE PRESIDENT

Prof.Janssen Joseph SECRETARY

Joseph Mathew Parekkattu SECRETARY

Adv. Biju Kundukulam SECRETARY

George K.C SECRETARY

Jacob Chakkathara SECRETARY

Mohan Issac SECRETARY

Thomas peedikayil SECRETARY

Dr. Josekutty Ozhukayil . SECRETARY

Peter Njaralakkattu SECRETARY

Benny Antony SECRETARY

Antony L Thommana SECRETARY

Benny Mathew SECRETARY

Denny Kalppanani SECRETARY

FEASTY MAMPILLY SECRETARY

BITTY NEDUNILAM SECRETARY

## പോൾ ആറാമനും റൊമേറോയും വിശുദ്ധരുടെ ഗണത്തിൽ

പോൾ ആറാമൻ മാർപാപ്പ, എൽസാൽവദോറിലെ രക്തസാക്ഷിയായ ആർച്ച് ബിഷപ്പ് ഓസ്കർ അർണുൾഫോ റൊമെറോ, ഫാ. ഫ്രൻചെസ്കോ സ്പിനെല്ലി (1853-1913), മരിയ കാതറിന കാസ്പർ (1820-1898), നസാറിയ ഇഗ്നാസിയ(1886-1943), നുൺസിയോ സുൽപ്രിസീയോ(1817-1836) എന്നിവരെ ഫ്രാൻസീസ് മാർപാപ്പ വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ നടന്ന ദിവ്യ ബലി മധ്യേ വിശുദ്ധ പദവിയിലേക്ക് ഉയർത്തി. പതിനായിരക്കണക്കിന് വിശ്വാസികൾ സാക്ഷികളായി.



## ബിഷപ്പ് ഡോ. ഫ്രാങ്കോ മുളക്കലിന് ജാമ്യം



കന്യാസ്ത്രീയുടെ പരാതിയിൽ അറസ്റ്റിലായി റിമാൻഡിലായിരുന്ന ബിഷപ്പ് ഡോ. ഫ്രാങ്കോ മുളക്കലിനു ഹൈക്കോടതി ഉപാധികളോടെ ജാമ്യം അനുവദിച്ചു. പാസ്പോർട്ട് കോടതിയിൽ സമർപ്പിക്കണമെന്നും കേരളത്തിൽ പ്രവേശിക്കരുത് എന്നീ നിബന്ധനകൾ പാലിക്കണമെന്നാണ് കോടതി ഉത്തരവിട്ടത്.അന്വേഷണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോൾ ഹാജരാകണമെന്നും കോടതി നിർദ്ദേശിച്ചു. അന്വേഷണത്തെ ഒരു തരത്തിലും സ്വാധീനിക്കില്ലന്നും കേസിലെ സാക്ഷികളുടെ രഹസ്യ മൊഴികളെല്ലാം രേഖപ്പെടുത്തി കഴിഞ്ഞു വെന്നും ഇനിയും കസ്റ്റഡിയിൽ തുടരേണ്ട ആവശ്യമില്ലന്നും ബിഷപ്പിന്റെ അഭിഭാഷകൻ കോടതിയിൽ വാദിച്ചു. കേസിൽ ഇടപെടാൻ ഒരു ശ്രമവും നടത്തില്ല. വ്യക്തി വൈരാഗ്യത്തിന്റെ പേരിലുള്ള കള്ളക്കേസാണ് പരാതിക്കാരി നൽകിരിക്കുന്ന തെന്നും ബിഷപ്പ് കോടതിയെ അറിയിച്ചു. അതെ സമയം പ്രോസിക്യൂഷൻ ബിഷപ്പിന്റെ ജാമ്യ അപേക്ഷയെ എതിർത്തുവെങ്കിലും ഹൈക്കോടതി അംഗീകരിച്ചില്ല.

